# പാകിസ്താനിലെ ന്യൂനപക്ഷം

**'ആർട്ട് ഓഫ് ലിവിംഗ്'** സ്ഥാപകനായ ശ്രീ ശ്രീ രവിശങ്കർ പാകിസ്താനെ കുറിച്ച് കഴിഞ്ഞ മാസം ഒരു ലേഖനമെഴുതി. മുമ്പെപ്പോഴോ അവിടം സന്ദർശിച്ചപ്പോൾ ഉണ്ടായ അനുഭവങ്ങളും സുഹൃത്തുക്കൾ സമ്മാനിച്ച അറിവുകളുമാണ് അദ്ദേഹത്തിന്റെ ലേഖനത്തിൻെറ അടിസ്ഥാനം. പാകിസ്താൻ എന്ന രാജ്യത്ത് ഹിന്ദുമതത്തിൻെറ ഇപ്പോഴത്തെ അവസ്ഥയും ആ രാജ്യത്തിന്റെ വിദ്യാഭ്യാസ പ്രക്രിയയുടെ അടിസ്ഥാനപരമായ ദൗർബല്യങ്ങളും രവിശങ്കർ എടുത്തു പറയുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തെ കുറിച്ചോ മഹാത്മാഗാന്ധിയെ കുറിച്ചോ അവിടെയുള്ള ഇപ്പോഴത്തെ തലമുറക്ക് ഒന്നും അറിയില്ലത്രെ. ഗാന്ധിജിയെ വെറുമൊരു സ്വാതന്ത്ര്യ സമര സേനാനിയും ഹിന്ദുമത നേതാവുമായാണ് അവിടത്തെ സിലബസിൽ ചിത്രീകരിക്കുന്നത്. വേദകാലം തൊട്ട് പാകിസ്താനിൽ താമസിച്ച ഹിന്ദു സന്യാസിമാരുടെ ചരിത്രത്തെക്കുറിച്ചും സിഖ്, ബുദ്ധ മതങ്ങളും പാകിസ്താനും തമ്മിലുള്ള ബന്ധത്തെ കുറിച്ചും അവിടത്തെ സ്കൂളുകളിൽ ഒന്നും പഠിപ്പിക്കുന്നില്ല. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ ജനസംഖ്യ അനുദിനം വർധിച്ചു വന്നപ്പോൾ പാകിസ്താനിലെ ഹിന്ദുക്കൾ 15 ശതമാനത്തിൽ നിന്നും രണ്ടോ മൂന്നോ ശതമാനമായി കുറഞ്ഞുവെന്ന് രവിശങ്കർ ചൂണ്ടിക്കാട്ടുന്നു. മറ്റുള്ളവരെ മതംമാറ്റുന്ന ഏർപ്പാട് ഒട്ടുമില്ലാത്ത ഹിന്ദുമതത്തെ പാകിസ്താൻ ഭയക്കേണ്ട കാര്യമുണ്ടായിരുന്നില്ല എന്നും ഹിന്ദു ന്യൂനപക്ഷത്തെ ബഹുമാനിച്ചതു കൊണ്ട് പാകിസ്താനിൽ ഇസ്ലാമിന് ഒരു വിധത്തിലും കോട്ടങ്ങൾ ഉണ്ടാവുമായിരുന്നില്ലെന്നും അദ്ദേഹം സ്ഥാപിക്കുന്നു.

ലേഖനത്തിൽ പറയുന്ന മിക്ക ആരോപണങ്ങളും വസ്തുതാപരമായി ശുദ്ധ അസംബന്ധങ്ങളാണ്. പാകിസ്താനിൽ ഹിന്ദുമതത്തെ ബഹുമാനിക്കുന്നില്ല എന്ന ആരോപണം ഉദാഹരണം. പാകിസ്താനിൽ ഹിന്ദുമതം ഇല്ല എന്നു പറയുന്നതാണ് ശരി. സിഖുമതത്തിൻെറ കാര്യവും അതുതന്നെ. അഫ്ഗാനിസ്താനോടു ചേർന്ന വടക്കൻ മേഖലയിൽ ബുദ്ധമതം ഒരു കാലത്ത് സജീവമായിരുന്നെങ്കിലും ഇന്ന് ബോധിസത്വന്റെ അനുയായികളും പാകിസ്താനിൽ ഇല്ല. പക്ഷേ, ഇതിൻെറ കാരണം എന്താണെന്ന വിലയിരുത്തലാണ് പ്രശ്നമുണ്ടാക്കുന്നത്. ഹിന്ദുക്കൾ അടക്കമുള്ള ന്യൂനപക്ഷങ്ങൾ ജനറൽ സിയാവുൽ ഹഖിൻെറ കാലത്ത് കൂട്ട മതംമാറ്റത്തിൻെറ ഇരകളായി എന്നു ദ്യോതിപ്പിക്കുന്നതാണ് രവിശങ്കറിൻെറ ലേഖനം. പാകിസ്താനിലെ മൊത്തം ജനസംഖ്യയുടെ കണക്കെടുത്താൽ 20 ലക്ഷം പേരെങ്കിലും ഇങ്ങനെ ഇസ്ലാം മതത്തിൽ ചേർന്നിട്ടുണ്ടാവണം. പക്ഷേ, യാഥാർഥ്യം അതാണെന്നു കരുതാനാവില്ല. സംഘ്പരിവാറും പോഷകസംഘടനകളും കഴിഞ്ഞ എത്രയോ വർഷങ്ങളായി ഇക്കാര്യം ഉന്നയിക്കുന്നുണ്ട്. ഒറ്റപ്പെട്ട വസ്തുതകൾ ഉണ്ടായിരിക്കാമെങ്കിലും ഒരു മതാധിഷ്ഠിത രാജ്യത്തു നിന്നും പ്രതീക്ഷിക്കാവുന്നതിനേക്കാൾ മെച്ചപ്പെട്ട ചിത്രമാണ് പാകിസ്താനിലെ ഹിന്ദുക്കളുടേത്. വോട്ടുബാങ്ക് പോലുമല്ലാത്ത, ഏറിയാൽ ഒന്നോ രണ്ടോ ശതമാനം മാത്രമുള്ള ഈ ജനങ്ങൾക്ക് വേണ്ടി പാകിസ്താനിൽ എല്ലാ ആനുകൂല്യങ്ങളുമുണ്ടെന്നതാണ് ശരി. പക്ഷേ, അവിടെയുള്ളവരിൽ മഹാഭൂരിപക്ഷവും കഴിഞ്ഞ 30 വർഷത്തിനിടയിൽ ഇന്ത്യയിലെത്തി പൗരത്വം സ്വീകരിക്കുകയാണുണ്ടായത്.

പാകിസ്താനിലെ മാത്രം കാര്യമല്ല ഇത്. ഇന്ത്യയുടെ എല്ലാ അയൽരാജ്യങ്ങളിൽ നിന്നും ഹിന്ദുക്കൾ കൂട്ടത്തോടെ ഇന്ത്യയിൽ എത്തിയിട്ടുണ്ട്. ഹിന്ദുരാജ്യമായ നേപ്പാളിൽ നിന്നാണ് ഈ കാലയളവിൽ ഏറ്റവുമധികം പേർ ഇന്ത്യയിലേക്കു കുടിയേറിയത്. കുടിയേറ്റങ്ങളുടെ കാരണം മതവിശ്വാസമായിരുന്ന മധ്യകാലയുഗത്തിൽ നിന്നും സംഘ്പരിവാർ ബുദ്ധിജീവികളുടെ ചിന്ത ഇനിയും പുറത്തു കടന്നിട്ടുണ്ടാവില്ല. അതേസമയം മേഖലയിലെ മറ്റു രാജ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ താരതമ്യേന ഏറ്റവും മെച്ചപ്പെട്ട രാഷ്ട്രീയ വ്യവസ്ഥയും സാമ്പത്തിക വളർച്ചയും ഇന്ത്യക്ക് നിലനിർത്താൻ കഴിഞ്ഞതായിരുന്നു ഹിന്ദുക്കളായാലും മുസ്ലിംകളായാലും ബുദ്ധൻമാരായാലും ഇന്ത്യയിലേക്ക് അയൽരാജ്യങ്ങളിൽ നിന്നുള്ളവരുടെ കുത്തൊഴുക്കിന് വഴിയൊരുക്കിയത്.

രാജസ്ഥാനിലെ അതിർത്തിയിൽ പാകിസ്താനിൽ നിന്ന് വരുന്ന ഹിന്ദുക്കൾക്ക് താമസിക്കാനായി പ്രത്യേക ഗ്രാമങ്ങൾ പോലുമുണ്ട്. അഞ്ചു വർഷം തട്ടിയും മുട്ടിയും ഇവിടെ ജീവിച്ചു കഴിഞ്ഞാൽ അവർക്ക് പ്രത്യേകം മേള സംഘടിപ്പിച്ചാണ് സർക്കാർ പൗരത്വം നൽകുന്നത്. ബംഗ്ലാദേശീ ഹിന്ദുക്കൾക്കും ഇതേ ആനുകൂല്യമുണ്ട്. ആസാമിലെയും മേഘാലയയിലെയും അതിർത്തിയിൽ അഭയാർഥികളായ ഹിന്ദുക്കൾക്കു വേണ്ടി 'അതിഥി' കോളനികൾ പ്രവർത്തിക്കുമ്പോൾ അതേ രാജ്യത്തു നിന്നും അഭയം തേടി വരുന്ന മുസ്ലിമിനെ വേട്ടയാടാനുള്ള സംവിധാനങ്ങളാണ് ഓരോ വർഷവും ശക്തിപ്പെടുത്തുന്നത്. മുസ്ലിം ആണെങ്കിൽ അവൻ നുഴഞ്ഞു കയറ്റക്കാരൻ, അല്ലാത്തവൻ അഭയാർഥി. ഈ അഭയാർഥി പ്രവാഹത്തിന് അടിത്തറയുണ്ടാക്കാൻ സംഘ്പരിവാർ പറഞ്ഞു പരത്തുന്ന കഥകളാണ് പാകിസ്താനിലെ ഇസ്ലാമൈസേഷനും ബംഗ്ലാദേശിലെ 'ഹർക്കതുൽ ജിഹാദെ ഇസ്ലാമി'യുടെ മത ഭീകരതയും. ഗുജറാത്ത് തെരഞ്ഞെടുപ്പ് കാലത്ത് നരേന്ദ്ര മോഡിക്കെതിരെ അബദ്ധത്തിൽ ചില പ്രസ്താവനകൾ ഇറക്കിപ്പോയതിന്റെ തെറ്റു തിരുത്താൻ സംഘ്പരിവാറിൻെറ അടിസ്ഥാന സാഹിത്യങ്ങളിലെ ദുഷിപ്പുകൾ സ്വന്തം പേരുവെച്ച് പ്രചരിപ്പിക്കേണ്ട ഗതികേടിൽ രവിശങ്കർ എത്തിപ്പെട്ടുവെന്ന് കരുതാനാണ് കൂടുതൽ ന്യായം.

'ഒറ്റപ്പെട്ട വർഗീയ സംഘർഷങ്ങൾ' ഉണ്ടെങ്കിലും ഇന്ത്യയിലെ പൊതു സമൂഹം സഹിഷ്ണുതയിൽ വിശ്വസിക്കുന്നവരാണെന്ന് രവിശങ്കർ പറയുന്നു. ഇന്ത്യയിലെ പോലെ ഇത്തരത്തിൽ എത്ര 'ഒറ്റപ്പെട്ട ഗുജറാത്തുകൾ' പാകിസ്താനിൽ ഉണ്ടായിട്ടുണ്ട് എന്നു കൂടി അദ്ദേഹത്തിന് അന്വേഷിക്കാമായിരുന്നു. ഇന്ത്യയിലെ വിദ്യാഭ്യാസ പ്രക്രിയ ജിന്നയെ എങ്ങനെയാണ് ചിത്രീകരിക്കുന്നതെന്ന് അദ്ദേഹം മറക്കുന്നു. പാകിസ്താൻ രാഷ്ട്രീയത്തിൻെറ ഇന്ത്യൻ പതിപ്പായ സംഘ്പരിവാർ അവരുടെ സ്കൂളുകളിൽ എന്തു പഠിപ്പിക്കുന്നു എന്നതും അദ്ദേഹം കണ്ണടച്ച് ഇരുട്ടാക്കുന്നു. പാകിസ്താനിലെ ഹിന്ദുക്കൾക്കു നേരെ നടക്കുന്നതിന്റെ എത്ര മടങ്ങ് അതിക്രമങ്ങൾ ഇന്ത്യയിൽ നിന്നും കുടിയേറിയ മുസ്ലിംകളുടെ നേർക്ക് അവിടെ അരങ്ങേറുന്നു എന്ന വിഷയം അദ്ദേഹം ചർച്ച ചെയ്യാത്തതും ശ്രദ്ധിക്കുക. മതേതരത്വത്തിന്റെ ശരിയായ മർമം ഉൾക്കൊള്ളാതെ ഈ വക വിഷയങ്ങളിൽ അഭിപ്രായം പറയാതിരിക്കുന്നതല്ലേ നല്ലത്? ■